(സി) സഹകരണ നിയമങ്ങൾക്ക് വിരുദ്ധമായി സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനെതിരെ ഹൈക്കോടതിയിൽ എത്ര കേസുകൾ ഉണ്ടായി; രജിസ്ട്രാർക്ക് എത്ര പരാതികൾ ലഭിക്കുകയുണ്ടായി;

(ഡി) ബാങ്കിംഗ് റഗുലേഷൻസ് ആക്ട് ലംഘിച്ച് പുതിയ അർബൻ ബാങ്കുകൾ രജിസ്റ്റർ ചെയ്യുന്നതിനെതിരെ ഹൈക്കോടതി പ്രസ്താവിച്ച വിധി എന്തായിരുന്നു; വിധിയുടെ പകർപ്പ് നൽകാമോ?

ഉത്തരം

(എ) ഇല്ല

(ബി) നിയമ വ്യവസ്ഥയുണ്ട്. വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സംഘങ്ങളൊന്നും തന്നെ രജിസ്റ്റർ ചെയ്തു നൽകിയിട്ടില്ല.

(സി) കേസുകളോ പരാതികളോ ഇല്ല.

(ഡി) പുതുതായി രജിസ്റ്റർ ചെയ്ത അർബൻ സഹകരണ ബാങ്കുകൾ കേരള സഹകരണ നിയമം വകുപ്പ് 2(ടി.എ) പ്രകാരം നിർവചിച്ച അർബൻ സഹകരണ ബാങ്കുകൾ അല്ലെന്നും അവ പ്രാഥമിക സഹകരണ സംഘങ്ങൾ മാത്രമാണെന്നും വിധിയിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനാൽ സർക്കാരും സഹകരണ സംഘം രജിസ്ട്രാറും സഹകരണ നിയമപ്രകാരവും ഭാരതീയ റിസർവ് ബാങ്ക്, ബാങ്കിംഗ് റഗുലേഷൻ ആക്ട് പ്രകാരവും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. വിധിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. ശ്രദ്ധക്ഷണിക്കൽ

(1) കലാസാംസ്ക്കാരിക സംഘടനകളുടേയും ആർട്ട്സ്-സ്പോർട്സ് ക്ലബ്ബുകളുടെയും രജിസ്ട്രേഷൻ നിബന്ധനകൾ പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സാജു പോൾ: സർ, കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളേയും നഗരപ്രാന്തങ്ങളേയും സജീവമാക്കുന്ന, സന്നദ്ധ പ്രവർത്തനങ്ങളും ജീവകാരുണ്യ സംരംഭങ്ങളും ഏറ്റെടുക്കുന്ന ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകൾ, മൈമൻ ആർട്ട്സ് സൊസൈറ്റികൾ, പൗരസമിതികൾ മുതലായവ രജിസ്റ്റർ ചെയ്യുന്നതിന് 1955-ലെ Travancore Cochin Literary and Scientific Charitable Societies Act ആണ് നിലവിലുള്ളത്. മലബാറിൽ ഇതു സംബന്ധിച്ച് മറ്റൊരു നിയമമാണ് നിലനിൽക്കുന്നത്. ഈ നിയമങ്ങൾ ഏകീകരിക്കേണ്ടതാണ്. കോടികൾ വിദേശ ധനസഹായം ലഭിക്കുന്ന സംഘടനകൾ ഉൾപ്പെടെ ഈ നിയമത്തിന്റെ കീഴിലാണ് ഇന്ന് രജിസ്റ്റർ ചെയ്യപ്പെടുന്നത്. മാത്രവുമല്ല പരഹൃദയജ്ഞാനിയും പ്രജാക്ഷേമതൽപരനുമായ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബാർ അനുവദിക്കുവാൻ ആലോചിച്ചിട്ടുള്ള ക്ലബ്ബുകൾ ഈ നിയമത്തിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടവയാണ്. ഈ നിയമങ്ങളിലെ നിബന്ധനകൾ പലതും കാലഹരണപ്പെട്ടതാണ്. നൂറു രൂപയും ഒരു ഫയലും Memorandum of Association ഉം

9.30 A.M.]

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിയമാവലിയും ഏഴുപ്പേർ ഒപ്പിട്ട ഒരു പൊതുയോഗ തീരുമാനവും അപേക്ഷയും കൊടുത്താൽ ആർക്കു വേണമെങ്കിലും സംഘടനകൾ രജിസ്റ്റർ ചെയ്യാം. ഇതാണ് കേരളത്തിലെ പൊതുസ്ഥിതി. ഇവിടെ സംഘടന ഇല്ലാത്തത് ആർക്കൊക്കെയാണെന്ന് പരിശോധിച്ചാൽ വിചിത്രമായ പല വിവരങ്ങളും ലഭിക്കും. രാഷ്ട്രീയ പ്രസ്ഥാനങ്ങളും തൊഴിലാളി സംഘടനകളും ഒഴിവാക്കിയാൽ കേരളത്തിൽ സംഘടനകളില്ലാത്ത ഒരു വിഭാഗവുമില്ല. ലൈംഗിക തൊഴിലാളികൾക്കുവരെ കേരളത്തിൽ സംഘടനയുണ്ട്. ആ സംഘടനകളെല്ലാം രജിസ്റ്റർ ചെയ്യുന്നത് ഈ നിയമത്തിന്റെ കീഴിലാണ്. സംഘടന ഇല്ലാത്തവരുടെ ലിസ്റ്റ് എടുക്കുകയാണെങ്കിൽ വയ്പു പല്ലുകാർ, മൂടി കറുപ്പിച്ച ആളുകൾ, മന്ദബുദ്ധികൾ, മദ്യപാനികൾ എന്നീ നാലു വിഭാഗം ഒഴിച്ച് കേരളത്തിലെ എല്ലാവർക്കും ഇന്ന് സംഘടനയുണ്ട്. സമയക്കുറവുകാരണം ആർക്കൊക്കെയാണ് സംഘടനകൾ എന്നുള്ളത് ഇവിടെ വിസ്തരിക്കുന്നില്ല. ഇപ്പോഴത്തെ നിയമത്തിലെ ന്യൂനതകൾ പരിഹരിക്കണം. കേരളത്തിലെ ഏതാണ്ട് ആയിരത്തിയഞ്ഞൂറോളം സംഘടനകൾ വിദേശ ധനസഹായം സ്വീകരിച്ചുകൊണ്ട് പ്രവർത്തിക്കുകയാണ്. സന്നദ്ധ പ്രസ്ഥാനങ്ങളുടെ കണക്കുകൾ പരിശോധിക്കുന്നതിനോ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനോ ഇന്ന് യാതൊരു വിധത്തിലുള്ള സംവിധാനങ്ങളുമില്ല. സർക്കാരിന്റെ തന്നെ ഉടമസ്ഥതയിലുള്ള ഭൂമിയും സ്വത്തുക്കളും ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റിക്ക് കൈമാറുന്ന അവസ്ഥയാണ് പരിയാരം മെഡിക്കൽ കോളേജിൽ ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് നമുക്കെല്ലാം നിരവധിയായ പൊതു പരിപാടികൾ, ഇപ്പോൾ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഉൾപ്പെടെ അടുത്ത ഓണനാളുകളിൽ കേരളത്തിൽ നടക്കുന്ന ഓണാഘോഷ പരിപാടികൾക്കായി വേദിയൊരുക്കിത്തരുന്നത് ഇത്തരം സംഘടനകളാണ്. നമ്മുടെ ഗ്രാമങ്ങളെയും നഗരങ്ങളെയും സജീവമാക്കുന്ന രക്തദാനം, വടംവലി, ശുചീകരണ പ്രവർത്തനങ്ങൾ മറ്റ് സന്നദ്ധ സംരംഭങ്ങൾ ഇതെല്ലാം സംഘടിപ്പിച്ചുകൊണ്ട് മുന്നോട്ടു പോകുന്ന ഈ സംഘടനകൾക്ക് യാതൊരുവിധത്തിലുള്ള ധനസഹായവും ഇന്ന് സർക്കാരിൽ നിന്ന് ലഭിക്കുന്നില്ല. സംഗീത നാടക അക്കാദമിയിലും സ്പോർട്സ് കൗൺസിലിലും രജിസ്റ്റർ ചെയ്ത സംഘടനകൾക്ക് മാത്രമാണ് ചെറിയ ഗ്രാന്റ് ലഭിക്കുന്നത്. അതുകൊണ്ട് എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, അക്കാദമികൾ ഇവയിൽ നിന്നെല്ലാം സന്നദ്ധ സംഘടനകൾക്ക് സഹായം നൽകണം. സ്ഥലം, വൈദ്യുതി, കെട്ടിടം, വെള്ളം മുതലായവയും പ്രവർത്തന ഗ്രാന്റും ഈ സംഘടനകൾക്ക് അനുവദിക്കുവാൻ സർക്കാർ തയ്യാറാകണം. അങ്ങനെ കേരളത്തിൽ ഏറ്റവും മാതൃകാപരമായ പ്രവർത്തനങ്ങൾ എല്ലായിടത്തും നടത്തിവരുന്ന ആയിരക്കണക്കായ സംഘടനകളെ സഹായിക്കുന്നതിന് രജിസ്ട്രേഷൻ നടപടികൾ പരിഷ്കരിക്കുന്നതിന് തെറ്റായ പ്രവണതകൾ ഒഴിവാക്കി സംഘടനകളെ നിയന്ത്രിക്കുന്നതിന് സർക്കാർ തയ്യാറാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സംഘടനകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്ത് പഴയ മലബാർ പ്രദേശത്തും തിരുകൊച്ചി പ്രദേശത്തും രണ്ട് നിയമങ്ങൾ നിലവിലുണ്ട്. 1860-ലെ Socictics Registration Act ആണ് പഴയ മലബാർ പ്രദേശത്തുള്ളത്. തിരുവിതാംകൂർ-കൊച്ചി

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശത്തുള്ളത് 1955-ലെ Travancore Cochin Literary and Scientific Charitable Societies Act ആണ്. നമ്മുടെ കലാസാംസ്ക്കാരിക സംഘടനകൾ, ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബുകൾ, ഫൈനാൻസ് സൊസൈറ്റികൾ, പൗരസമിതികൾ മുതലായവയ്ക്കൊക്കെ ഈ രണ്ട് ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് രജിസ്ട്രേഷൻ നൽകുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നമ്മുടെ സംസ്ഥാനത്ത് ആയിരക്കണക്കിന് ഇതുപോലുള്ള സമിതികളുണ്ട്. അതിന്റെ രജിസ്ട്രേഷൻ നിയമത്തിലും ചട്ടങ്ങളിലും എന്തെങ്കിലും മാറ്റങ്ങൾ വരുത്തി രണ്ട് നിയമങ്ങളും ഏകീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. അങ്ങനെ രണ്ട് നിയമങ്ങൾ ഏകീകരിക്കുമ്പോൾ മെമ്പർ ഇവിടെ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾകൂടി പരിശോധിക്കാവുന്നതാണ്. ധനസഹായം സംബന്ധിച്ച് പറയാം. ധനസഹായം ഇപ്പോൾ കലാസാംസ്ക്കാരിക സംഘടനകൾക്ക് സാംസ്ക്കാരിക വകുപ്പ് കൊടുത്തു. ഗ്രാമപഞ്ചായത്തുകൾക്ക് ഇതു സംബന്ധിച്ച് സഹായം നൽകാൻ വ്യവസ്ഥയുണ്ട്. ഇപ്പോൾ എം.എൽ.എ., എം.പി. ഫണ്ടിൽ നിന്നും ലൈബ്രറികൾക്ക് ധനസഹായം കൊടുക്കുന്നുണ്ട്. ജില്ലാ കെട്ടിടങ്ങൾക്ക് ധനസഹായം കൊടുക്കുവാൻ വ്യവസ്ഥയുണ്ട്. കൂടുതൽ ധനസഹായം കൊടുക്കുവാൻ സാധിക്കുമോ എന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ഏതായാലും രണ്ട് ആക്ടുകൾ ഏകീകരിക്കുന്ന സമയത്ത് ഈ നിർദ്ദേശങ്ങൾക്കൂടി പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. സാജു പോൾ:</u> സർ, വ്യത്യസ്ത സ്വഭാവമുള്ള സംഘടനകൾക്ക് പ്രത്യേകമായ നിബന്ധനകളോടുകൂടി അഫിലിയേഷൻ നൽകാൻ വേണ്ടിയുള്ള ഒരു ബോർഡ് രൂപവൽക്കരിക്കുമോ? ഇതു സംബന്ധിച്ച് സർവ്വതല സ്പർശിയായ ഒരു പഠനം നടത്താൻ ഒരു റിട്ടയേർഡ് സമിതിയെ നിയോഗിക്കുമോ?

<u>ശ്രീ. സി. എഫ്. തോമസ്:</u> പരിശോധിക്കാവുന്ന ഒരു നിർദ്ദേശമാണ്.

(2) <u>വയനാട് ജില്ലയിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം</u>

<u>ശ്രീ. എൻ. ഡി. അപ്പച്ചൻ:</u> കേരളത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു മലയോര ജില്ലയായ വയനാട് ആതുര ശുശ്രൂഷാ രംഗത്ത് ഏറെ പ്രതിസന്ധിയും പ്രയാസങ്ങളും അനുഭവിച്ചുകൊണ്ട് മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ജില്ലയിൽ ഇരുപത്തിയഞ്ച് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുണ്ട്. അതുപോലെ മൂന്ന് താലൂക്ക് ആശുപത്രികളുണ്ട്. അഞ്ച് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുണ്ട്. ഈ ആശുപത്രികളിലൊക്കെ ചികിത്സതേടി ആയിരക്കണക്കിന് ആളുകൾ എത്തുകയാണ്. സാമ്പത്തിക പ്രതിസന്ധികൊണ്ട്, കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചകൊണ്ട് ബുദ്ധിമുട്ടുന്ന ജനങ്ങൾ ഇന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുകയാണ്. ജില്ലാ ആശുപത്രിയിൽ 250 കിടക്കകളാണ് ഉള്ളതെങ്കിലും അവിടെ എഴുന്നൂറോളം രോഗികൾ കിടക്കുകയും ആയിരത്തിലേറെ രോഗികൾ ചികിത്സതേടി എത്തുകയും ചെയ്യുന്നുണ്ട്. താലൂക്ക് ആശുപത്രികളിലെ സ്ഥിതിയും ഇതിൽനിന്നും വ്യത്യസ്തമല്ല. നാൽപ്പത്തിരണ്ട്

LIBRARY ARCHIVES Kerala Legislative Assembly